(സി) കടവല്ലൂർ ഗ്രാമപഞ്ചായത്തിൽ മാവേലി സ്റ്റോർ അനുവദിക്കാൻ സ്ഥലം നൽകുന്നതിന് പഞ്ചായത്ത് തയ്യാറാണെന്ന് സിവിൽ സപ്ലൈസ് വകുപ്പിനെ അറിയിച്ചതനുസരിച്ച് മാവേലി സ്റ്റോർ തുടങ്ങാൻ അടിയന്തിര നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) കടവല്ലൂർ ഗ്രാമപഞ്ചായത്തിൽ പുതിയ മാവേലി സ്റ്റോർ തുടങ്ങാൻ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

റാന്നിയിൽ പുതിയ മാവേലി സ്റ്റോറുകൾ .

140 [1267] ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റാന്നി നിയോജകമണ്ഡലത്തിൽ മാവേലി സ്റ്റോറുകൾ ഇല്ലാത്ത പഞ്ചായത്തുകൾ ഏതൊക്കെയാണ് ;

(ബി) റാന്നി ടൗണിലുള്ള പഞ്ചായത്തുകളായ അങ്ങാടി, റാന്നി എന്നിവിടങ്ങളിൽ സ്ഥല സൗകര്യം നൽകാൻ പഞ്ചായത്തുകൾ തയ്യാറായിട്ടും മാവേലി സ്റ്റോറുകൾ അനുവദിച്ചിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) റാന്നി മണ്ഡലത്തിലെ മാവേലി സ്റ്റോറുകൾ ഇല്ലാത്ത പഞ്ചായത്തുകളിൽ മാവേലി സ്റ്റോറുകൾ അനുവദിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) റാന്നി, അങ്ങാടി എന്നീ പഞ്ചായത്തുകളിൽ നിലവിൽ മാവേലി സ്റ്റോർ പ്രവർത്തിക്കുന്നില്ല.

(ബി) ഇല്ല.

(സി) കോർപ്പറേഷന്റെ നിബന്ധനകൾക്ക് വിധേയമായി ഗ്രാമപഞ്ചായത്തുകൾ കെട്ടിടം ലഭ്യമാക്കിയാൽ മാവേലി സ്റ്റോർ അനുവദിക്കാൻ നടപടി സ്വീകരിക്കുന്നതാണ്.

ബി.പി.എൽ. കാർഡ്

141 [1268] ശ്രീ. ഇ. എം. അഗസ്തി :

,, ജോർജ് ജെ. മാത്യു :

,, ടി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എല്ലാ ആശ്രയ കുടുംബങ്ങൾക്കും ബി.പി.എൽ. റേഷൻ കാർഡ് കൊടുക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ എത്ര കുടുംബങ്ങൾക്ക് അധികമായി ഇത്തരം റേഷൻ കാർഡ് കൊടുക്കേണ്ടതായി വരും എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരിൽ തന്നെ ഏറ്റവും ദരിദ്രരായവർക്കു വേണ്ടി നടപ്പിലാക്കി വരുന്ന അന്ത്യോദയ-അന്നയോജന പദ്ധതിയുടെ 3-ാം ഘട്ട വിപുലീകരണം നടപ്പാക്കിയപ്പോൾ നിലവിലുണ്ടായിരുന്ന എല്ലാ ആശ്രയ കുടുംബങ്ങളേയും ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) കേന്ദ്ര സർക്കാരിൽ നിന്നും കൂടുതൽ കുടുംബങ്ങളെ ഉൾപ്പെടുത്താൻ അനുമതി ലഭിക്കുന്ന മുറയ്ക്ക്, കുടുംബശ്രീ പദ്ധതി കൂടുതൽ പഞ്ചായത്തുകളിൽ നടപ്പിലാക്കുമ്പോൾ തെരഞ്ഞെടുക്കപ്പെടുന്ന ആശ്രയ കുടുംബങ്ങളെ, ബി.പി.എൽ./ അന്ത്യോദയ-അന്നയോജന പദ്ധതികളിൽ ഉൾപ്പെടുത്തുന്ന കാര്യം പരിശോധിക്കുന്നതാണ്.

റേഷൻ വ്യാപാരി ക്ഷേമനിധി

142 [1269] ശ്രീമതി ഗിരിജാ സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റേഷൻ വ്യാപാരി ക്ഷേമനിധി പദ്ധതിയനുസരിച്ച് എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകുന്നതെന്ന് പറയാമോ ;

(ബി) ഇപ്പോൾ പ്രതിമാസ പെൻഷൻ എത്ര രൂപയാണ് ; ഈ ഇനത്തിൽ കുടിശ്ശികയുണ്ടോ ; എങ്കിൽ എത്ര മാസത്തെ കുടിശ്ശികയാണുള്ളത് എന്ന് വ്യക്തമാക്കുമോ ;

(സി) ഇപ്പോൾ പെൻഷനർഹരായവരുടെ എണ്ണം എത്രയെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) റേഷൻ വ്യാപാരി ക്ഷേമനിധി പദ്ധതിയനുസരിച്ച്, ക്ഷേമനിധിയിൽ അംഗങ്ങളായിട്ടുള്ള റേഷൻ വ്യാപാരികൾക്ക് അർഹതയുടെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന ആനുകൂല്യങ്ങൾ നൽകുന്നു :

1. പെൻഷൻ
2. ചികിത്സാധനസഹായം
3. മരണാനന്തര ധനസഹായം
4. റേഷൻ വ്യാപാരി അല്ലാതാകുമ്പോൾ അടച്ച അംശാദായം തിരിച്ച് നൽകൽ.
5. റേഷൻ വ്യാപാരികളുടെ മക്കൾക്ക് വിദ്യാഭ്യാസ സ്കോളർഷിപ്പ്.

LIBRARY ARCHIVES Kerala Legislative Assembly